18586
24/8/17

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ചികിത്സാ പിഴവ് മൂലം ഇടത് കൈമുട്ടിന് താഴെ വച്ച് മുറിച്ച് മാറ്റേണ്ടിവന്ന ശ്രീമതി. സബിതയ്ക്ക് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (എം.എസ്.) നമ്പർ : **295/2017/റവ.** തിരുവനന്തപുരം, തീയതി, 22.08.2017.

=========================================

## ഉത്തരവ്

തൃശ്ശൂർ, അകമല, തെക്കേപ്പുറത്ത് വീട്ടിൽ ശ്രീ. സന്തോഷിന്റെ ഭാര്യ ശ്രീമതി. സബിതയ്ക്ക് വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയിൽ വച്ച് ഇഞ്ചക്ഷൻ എടുത്തതിൽ പിഴവ് സംഭവിച്ചത് കാരണം ഇടതു കൈമുട്ടിന് താഴെവച്ച് മുറിച്ചു നീക്കി. രോഗി ഗർഭിണി ആയിരുന്നതിനാൽ മരുന്നിന്റെ പാർശ്വഫലങ്ങൾ കുട്ടിയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പിന്നീട് ഗർഭഛിദ്രം നടത്തുകയും ചെയ്തു. കൈമുറിച്ച് മാറ്റേണ്ടി വന്നതിനാൽ കൂലിപ്പണിക്കാരിയായ ശ്രീമതി. സബിതയുടെ ജീവിതം വഴിമുട്ടിയെന്നും ആയതിനാൽ നഷ്ടപരിഹാരം നല്കണമെന്നും അപേക്ഷക ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സബിതയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തലപ്പിള്ളി തഹസീൽദാർക്ക് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ.
തഹസിൽദാർ, തലപ്പിള്ളി.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
✓ വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.